"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.എഫ്. ജോസഫിന്റെ കുഞ്ഞിന്റെ ചികിത്സയ്ക്ക് ചെലവായ തുക അനുവദിച്ച് നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2240/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 30/11/2020

---

പരാമർശം:- പഞ്ചായത്ത് ഡയറക്ടറുടെ 14.05.2019-ലെ PAN/5760/2019-F2(DP) നമ്പർ കത്ത്

## ഉത്തരവ്

കൊല്ലം ജില്ലയിലെ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.എഫ്. ജോസഫിന്റെ മകന്റെ (Sepsis) ചികിത്സയ്ക്ക്, കൊട്ടിയത്തെ ഹോളിക്രോസ് ആശുപത്രിയിൽ 29.07.2018 മുതൽ 21.08.2018 വരെയുള്ള കാലയളവിൽ ചെലവായ തുക ഒരു പ്രത്യേക കേസ് ആയി പരിഗണിച്ച് 1960-ലെ KGSMA ചട്ടങ്ങളിൽ ഇളവ് നൽകി എക്സ്പോസ്റ്റ് ഫാക്ടോ അനുമതി നൽകിയും കൂടാതെ ചികിത്സയ്ക്ക് ചെലവായ 96,349/- രൂപയിൽ ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയ അനുവദനീയമായ 41,693/- രൂപയുടെ 80% ആയ 33,354/- (മുപ്പത്തി മൂന്നായിരത്തി മുന്നൂറ്റി അൻപത്തി നാല് രൂപ മാത്രം) രൂപ മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. ടി.എഫ്. ജോസഫിന് അനുവദിച്ചു നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ലീന എ**

ഡെപ്യൂട്ടിസെക്രട്ടറി

1. ശ്രീ. ടി.എഫ്. ജോസഫ്, സെക്രട്ടറി, മൺട്രോതുരുത്ത് ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (അപേക്ഷയും അനുബന്ധങ്ങളും സഹിതം)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.11.30 12:30:03 IST
Reason: Approved

സെക്ഷൻ ഓഫീസർ